പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1609** **16-10-2026-ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് നാട്ടുകാണി സൂ ആൻഡ് സഫാരി പാർക്ക് പദ്ധതിയുടെ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ നാട്ടുകാണിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സൂ ആൻഡ് സഫാരി പാർക്ക് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** നിർദ്ദിഷ്ട തളിപ്പറമ്പ് സൂ സഫാരി പാർക്കിന്റെ ലേഔട്ട്, കൊണ്ടൂർ മാപ്പ് എന്നിവ തയ്യാറാക്കുന്നതിനായി ലാൻഡ് യൂസ് ബോർഡ് അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** പദ്ധതിയുടെ ഏകോപനത്തിനായി ക്യാമ്പ് ഓഫീസ് തുറക്കുകയും പ്രാദേശിക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കോണ്ടൂർ മാപ്പിംഗ്, പരിസ്ഥിതി ആഘാത പഠനം, ഭൂമി കൈമാറ്റം എന്നിവയുടെ നിലിവിലെ അവസ്ഥ വ്യക്തമാക്കാമോ;

**മറുപടി:** തളിപ്പറമ്പ് സൂ സഫാരി പാർക്ക് പദ്ധതിയുടെ ഭാഗമായി താത്കാലികമായി ക്യാമ്പ് ഓഫീസ് തുറന്നെങ്കിലും സജീവ പ്രവർത്തനം തുടങ്ങിയിട്ടില്ല. സഫാരി പാർക്കിന്റെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ കോണ്ടൂർ മാപ്പിംഗ് തയ്യാറാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കുന്നതിനോടൊപ്പം പരിസ്ഥിതി ആഘാത പഠനവും നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. 19.07.2025 തീയതിയിലെ സ.ഉ(കൈ)നം. 223/2025/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി തളിപ്പറമ്പ് സൂ സഫാരി പാർക്കിനായി തത്വത്തിൽ കൈമാറിയിട്ടുണ്ട്.

**(സി)** പ്രസ്തുത പദ്ധതിക്ക് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മൃഗശാലയുടെ രൂപരേഖ, കോണ്ടൂർ മാപ്പ് ഉൾപ്പെടെ ഡി.പി.ആർ. തയ്യാറാക്കിയതിനു ശേഷം മാത്രമേ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതിക്കായി പ്രൊപ്പോസൽ തയ്യാറാക്കാൻ സാധിക്കൂ. ആയവ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(ഡി)** മലബാർ മേഖലയിലെ ടൂറിസം വികസനത്തിനും പ്രാദേശിക തൊഴിലവസര സൃഷ്ടിക്കും വൻ മുന്നേറ്റമുണ്ടാക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** പദ്ധതി നടപ്പിൽ വരുത്താനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ വകുപ്പുകൾക്കിടയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തളിപ്പറമ്പ് എം.എൽ.എ ചെയർമാനായും മൃഗശാല വകുപ്പ് സൂപ്രണ്ട് കൺവീനറായും, ജില്ലാ കളക്ടർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പദ്ധതി പ്രദേശം ഉൾപ്പെടുന്ന കുറുമാത്തൂർ, ചപ്പാരപ്പടവ് പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, ആർഡിഒ, സോഷ്യൽ ഫോറസ്ട്രി പ്രതിനിധി, സഫാരി പാർക്ക് സ്പെഷ്യൽ ഓഫീസർ തുടങ്ങിയവർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**